**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2614** **07-07-2022 - ൽ മറുപടിയ്ക്ക്**

**യുവജന സഹകരണസംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഐടി മേഖല, സിനിമാ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീത മേഖല, ഡിസൈൻ, ആർട്ടിസ്റ്റ്, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീടുകളിൽ എത്തിക്കൽ, ജന സേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ഡിജിറ്റൽ വർക്കുകൾ, സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ, സോളാർ എനർജി, ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ, മാൻ പവർ സപ്ലൈ, പുസ്തക മേളകൾ സംഘടിപ്പിക്കൽ, പഠന യാത്രകൾ സംഘടിപ്പിക്കൽ, ട്യൂട്ടോറിയൽ സർവ്വീസസ്, കൃഷി, വ്യവസായം, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, അഗ്രിക്കൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഇവയുടെ റിസൈക്ലിങ്, തയ്യൽ, ടൂറിസം വികസന പ്രവൃത്തികൾ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസുകൾ, ലേബർ കോൺട്രാക്ട് വർക്കുകൾ, മറ്റ് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുക തുടങ്ങിയവയാണ് യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലകൾ. |
| (ബി) | യുവജന സഹകരണ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ച ശേഷം സഹകരണ വകുപ്പ് അവയുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ; വിശദാംശം നൽകാമോ; | (ബി) | വിലയിരുത്താറുണ്ട്. യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി വ്യത്യസ്ത സംരംഭങ്ങളെ സംബന്ധിച്ചും, സഹകരണ അക്കൗണ്ടിംഗ് രീതികളെ സംബന്ധിച്ചുമുള്ള പരിശീലനം നൽകിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർ തലത്തിൽ നിശ്ചിത ഇടവേളകളിൽ ടി സംഘങ്ങളുടെ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ടി സംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ജില്ലാതലത്തിൽ നോഡൽ ആഫീസർമാരെ നിയമിച്ച് പ്രവർത്തനം വിലയിരുത്തി വരുന്നു. ടി സംഘങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം പ്രവർത്തന |

| | | | |
|---|---|---|---|
| | | | മൂലധനത്തിന്റെ അപര്യാപ്തതയാണ്. ആയത് പരിഹരിക്കുന്നതിനായി സർക്കാർ ധനസഹായം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത സഹകരണ സംഘങ്ങൾ വഴി എത്ര തൊഴിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | യുവജന സഹകരണ സംഘങ്ങളിൽ ഭൂരിഭാഗം സംഘങ്ങളുടെയും പ്രവർത്തനം പ്രരംഭഘട്ടത്തിലാണ്. നിലവിൽ വിവിധ സംഘങ്ങളിലായി 88 ഓളം തൊഴിലവസരങ്ങൾ നാളിതുവരെ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. യുവ സഹകരണ സംഘങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതോടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ